# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1842 07.12.2015 - ൽ മറുപടിക്ക്

## സർക്കാർ ജീവനക്കാരുടെ കലാസാഹിത്യ പ്രവർത്തനങ്ങൾ

**ചോദ്യം :**

ശ്രീ. പുരുഷൻ കടലുണ്ടി
**ശ്രീ. കെ.കെ. നാരായണൻ**
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
ശ്രീ. ജി. സുധാകരൻ

**ഉത്തരം :**

ശ്രീ. ഉമ്മൻചാണ്ടി
മുഖ്യമന്ത്രി

(എ) സർക്കാർ ജീവനക്കാരുടെ കലാസാഹിത്യ പ്രവർത്തനങ്ങൾക്ക് നിയന്ത്രണവും സെൻസർഷിപ്പും ഏർപ്പെടുത്തിയിട്ടുണ്ടോ ; ഇതു സംബന്ധമായ തീരുമാനം വെളിപ്പെടുത്താമോ ;

(എ) ഇല്ല. കേരള സർക്കാർ ജീവനക്കാരുടെ 1960-ലെ പെരുമാറ്റ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന നിയന്ത്രണങ്ങളല്ലാതെ യാതൊരുവിധ നിയന്ത്രണവും പുതുതായി ഏർപ്പെടുത്തിയിട്ടില്ല. നിലവിലുള്ള ചട്ടപ്രകാരം ഒരുദ്യോഗസ്ഥന് പുസ്തക രചന നടത്തി പബ്ലിഷേഴ്സ് വഴി പുസ്തകത്തിന് വില നിശ്ചയിച്ച് പ്രസിദ്ധീകരിയ്ക്കാനോ, സ്വകാര്യ റേഡിയോ, ടെലിവിഷൻ ചാനലുകളിൽ വാർത്ത വായിച്ച് അല്ലെങ്കിൽ പരിപാടികൾ അവതരിപ്പിച്ച് പ്രതിഫലം കൈപ്പറ്റുവാനോ നിലവിൽ വ്യവസ്ഥയില്ല. ഈ സാഹചര്യത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് പുസ്തകം പ്രസിദ്ധീകരിക്കുന്നതിനും, സ്വകാര്യ റേഡിയോ/ടി.വി. ചാനലുകളിൽ പരിപാടി അവതരിപ്പിക്കുന്നതിനും, സിനിമ/സീരിയൽ/പ്രൊഫഷണൽ നാടകം എന്നിവയിൽ അഭിനയിക്കുന്നതിനും, അതുമായി ബന്ധപ്പെട്ട മറ്റ് പ്രവർത്തനം നടത്തുന്നതിനും അനുമതി നൽകുന്നതിന് വ്യവസ്ഥകൾ രൂപീകരിച്ചുകൊണ്ടുമാണ് 11.11.15-ൽ G.O. (P) 28/15/ഉ.ഭ.പ.വ. എന്ന നമ്പരിലുള്ള ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചത്. പക്ഷേ ഈ ഉത്തരവിനെതിരേ വിമർശനമുണ്ടായതിനെ

ത്തുടർന്ന് ആയത് 24.11.15-ലെ G.O. (P) 32/15/ഉ.ഭ.പ.വ. എന്ന നമ്പർ ഉത്തരവ് പ്രകാരം മരവിപ്പിച്ചിരിയ്ക്കുകയാണ്.

(ബി) ഭാഷയെയും സാഹിത്യത്തെയും പരിപോഷിപ്പിക്കുവാൻ നടത്തുന്ന ശ്രമങ്ങൾക്ക് പ്രസ്തുത നിലപാട് ഭീഷണിയാകുമോ ; ഇത്തരമൊരു നിലപാട് സ്വീകരിക്കുവാൻ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാമാണ് ;

(സി) പ്രസ്തുത തീരുമാനം സർഗ്ഗസൃഷ്ടികൾ നടത്തുന്നവരെ സർവ്വീസിൽ നിന്നും മാറ്റി നിർത്താൻ ഇടയാക്കുമോ;

<u>(ബി)-യും (സി)-യും</u>

11/11/2015-ലെ ഉത്തരവ് കേരള സർക്കാർ ജീവനക്കാരുടെ സർഗ്ഗാത്മകത പരിപോഷിപ്പിയ്ക്കുവാൻ കൂടുതൽ അവസരം നൽകണം എന്ന ഉദ്ദേശ്യത്തോടെ പുറപ്പെടുവിച്ചതാണ്. ഈ ഉത്തരവ് നിലവിലെ പെരുമാറ്റച്ചട്ടങ്ങളിലില്ലാത്ത യാതൊരു നിയന്ത്രണവും ഉദ്യോഗസ്ഥരുടെ മേൽ അടിച്ചേൽപ്പിക്കുന്നില്ല.

(ഡി) നിയന്ത്രണങ്ങളുടെ ഭാഗമായി ഏതെല്ലാം തലത്തിലുള്ള കലാ-സാഹിത്യ പ്രവർത്തനങ്ങൾക്ക് മേലുദ്യോഗസ്ഥന്റെ അനുമതി വാങ്ങേണ്ടതായിട്ടുണ്ട് ; എന്ത് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് അപേക്ഷകളിന്മേൽ മേലുദ്യോഗസ്ഥർ തീരുമാനം കൈക്കൊള്ളുക ; വിശദമാക്കാമോ ?

(ഡി) 11/11/2015-ലെ ഉത്തരവ് മരവിപ്പിച്ചിരിയ്ക്കുന്ന സാഹചര്യത്തിൽ ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ലഭിയ്ക്കുന്ന അപേക്ഷകൾ മേലുദ്യോഗസ്ഥർ പരിശോധിയ്ക്കേണ്ട സാഹചര്യം ഉദിയ്ക്കുന്നില്ല. എന്നാൽ 1960-ലെ പെരുമാറ്റ ചട്ടങ്ങൾ പ്രകാരം അതിൽ പറഞ്ഞിട്ടുള്ള കലാ-സാഹിത്യ പ്രവർത്തനങ്ങൾക്ക് സർക്കാരിന്റെ അനുമതി ആവശ്യമാണ്.

സെക്ഷൻ ഓഫീസർ